**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1803 07.03.2018- ൽ മറുപടിയ്ക്ക്

**കൃത്രിമ പല്ലുകൾ സൗജന്യമായി വച്ച് പിടിപ്പിച്ച് നൽകുന്ന പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.എസ് ശബരീനാഥൻ | ശ്രീമതി കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി.) |

| | | | |
|---|---|---|---|
| (എ) | ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 60 വയസ്സു കഴിഞ്ഞ വയോജനങ്ങൾക്ക് കൃത്രിമ പല്ലുകൾ സൗജന്യമായി വച്ചു പിടിപ്പിച്ച് നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ: വിശദാംശം നൽകുമോ; | (എ) | ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള, 60 വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്ക് പൂർണ്ണ ദന്തനിര സൗജന്യമായി വച്ചു പിടിപ്പിച്ച് നൽകുന്ന മന്ദഹാസം പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. പദ്ധതി ആനുകൂല്യത്തിനായി ജില്ലാ സാമൂഹ്യനീതി ഓഫീസിൽ അപേക്ഷ സ്വീകരിക്കുകയും ജില്ലാ സാമൂഹ്യനീതി ഓഫീസർ, ജില്ലാ മെഡിക്കൽ ഓഫീസർ, സർക്കാർ ദന്തിസ്റ്റ് എന്നിവരടങ്ങുന്ന സമിതി പരിശോധന നടത്തി ഗുണഭോക്താവിനെ തെരഞ്ഞെടുക്കുകയും പദ്ധതിയ്ക്കായി തെരഞ്ഞെടുത്തിട്ടുള്ള ആശുപത്രികൾ വഴി ദന്തനിര വച്ചുപിടിപ്പിച്ചു നൽകുകയും ചെയ്യുന്ന രീതിയിലാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. |
| (ബി) | ഈ പദ്ധതിയിൽ സ്വകാര്യ ദന്താശുപത്രികളെ കൂടി പങ്കെടുപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട് |
| (സി) | സംസ്ഥാന സർക്കാർ ആശുപത്രികളിൽ ഇതിനുള്ള | (സി) | മന്ദഹാസം പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന ഓരോ കേസും |

| | | | |
|---|---|---|---|
| | സൗകര്യങ്ങളുടെ അഭാവമാണോ സ്വകാര്യ ദന്താശുപത്രികളെ കൂടി ഈ പദ്ധതിയിൽ പങ്കെടുപ്പി-ക്കുന്നതിന് തീരുമാനിച്ചതിന്റെ കാരണം;വ്യക്തമാക്കുമോ? | | പൂർത്തിയാക്കുന്നതിന് ഒരാൾക്ക് തന്നെ ആശുപത്രികളിൽ നിരവധി സിറ്റിംഗുകൾ വേണ്ടിവരുന്ന സാഹചര്യം കണക്കിലെടുത്തും പദ്ധതി ആനുകൂല്യം പരമാവധി വേഗത്തിൽ ഗുണഭോക്താക്കളിൽ എത്തിക്കുന്നതിനും ലക്ഷ്യമിട്ടാണ് സർക്കാർ ആശുപത്രികൾക്ക് പുറമേ സ്വകാര്യ ദന്താശുപത്രികളെക്കൂടി പങ്കെടുപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത് |

**സെക്ഷൻ ഓഫീസർ**